## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 428 — 16.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ സമഗ്ര പുനരുദ്ധാരണ പാക്കേജ്

**ചോദ്യം**

ശ്രീ. പി.വി. അൻവർ
'' എസ്.ശർമ്മ
'' റ്റി.വി.രാജേഷ്
'' എം. മുകേഷ്

**ഉത്തരം**

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണത്തിനെക്കുറിച്ച് പഠിക്കാൻ കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ സുശീൽ ഖന്നയെ, സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2017-18 ബഡ്ജറ്റിൽ 3000 കോടി രൂപയുടെ സമഗ്രപുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.<br>1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ (ആദ്യ വർഷം 50 കോടി രൂപ) പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഡീറ്റയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG)ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | അഞ്ചോ അതിലധികമോ കെ.എം.പി.എൽ (കിലോ മീറ്റർ പെർ ലിറ്റർ) ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെൻറീവ് നൽകുന്നുണ്ട്. കൂടാതെ ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്) മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു.<br>കെ.എസ്.ആർ.ടി.സിയുടെ വസ്തുവകകളിൽ ഫ്യൂവൽ കോംപ്ലക്സുകൾ സജ്ജീകരിച്ച് ഇന്ധന വിതരണം (CNG, Diesel) നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ Work-norms പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും നടപടികൾ നടന്നുവരുന്നു. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന് ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകം തന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ 10,000/- രൂപക്ക് താഴെ പ്രതിദിന വരുമാന ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുന:ക്രമീകരിക്കുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചത് പ്രകാരം ടി സർവ്വീസുകൾ പുന:ക്രമീകരിക്കുന്നതിന് മേഖലാ അധികാരികൾക്കും യൂണിറ്റധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘദൂരയാത്രയ്ക്ക് എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഉടൻ തന്നെ കെ.എസ്.ആർ.ടി.സി ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലാണ്.<br><br>ടിക്കറ്റ് വരുമാനത്തിനു പുറമെ ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം / ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും, ബസ്സുകളിലും ബസ്സ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസി |

| | | | |
|---|---|---|---|
| | | | യെ കണ്ടെത്തി നൽകിയതുവഴിയും, കോഫീ വെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ വരവ് ചെലവുകൾ സന്തുലനമാകുന്ന സ്ഥിതിയിലേക്ക് കൊണ്ടുവരാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രൊഫ. സുശീൽ ഖന്നയുടെ പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | വിവിധ യൂണിയനുകളുമായി വിശദമായി ചർച്ച ചെയ്ത് സമഗ്രമായ പുനരുദ്ധാരണ പാക്കേജിന് രൂപം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | പ്രൊഫസർ സുശീൽ ഖന്നയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അംഗീകൃത – രജിസ്റ്റേഡ് തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ച് ചേർക്കുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ റിപ്പോർട്ട് സംബന്ധിച്ച വിശദാംശങ്ങൾ തൊഴിലാളി സംഘടന പ്രതിനിധികളുമായി ചർച്ച ചെയ്യുകയും, പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശങ്ങൾ ഘട്ടം ഘട്ടമായി നടപ്പിൽ വരുത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. തൊഴിലാളികളെയും വിശ്വാസത്തിലെടുത്തുകൊണ്ട് കോർപ്പറേഷന്റെ സമഗ്രമായ പുനരുദ്ധാരണത്തിനു വേണ്ടിയുള്ള പാക്കേജ് ഘട്ടംഘട്ടമായി നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**